പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2553 | 01/04/2013-ൽ മറുപടിക്ക്

## സ്റ്റുഡന്റ് ഡോക്ടർ പദ്ധതി

ചോദ്യം | മറുപടി

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ.വർക്കല കഹാർ
ശ്രീ.വി.ഡി.സതീശൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ആദിവാസി സ്കൂളുകളിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിന് സ്റ്റുഡന്റ് ഡോക്ടർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല. 16/3/2013-ലെ സ.ഉ (സാധാ) 353/13/ പജപവവിവ നമ്പർ ഉത്തരവ് പ്രകാരം സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ എന്ന ഒരു പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ/ ആശ്രമസ്കൂളുകളിലും/ ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കുന്നതിന് 4.75 ലക്ഷം രൂപയുടെ പ്രോജക്ടിനു ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | നിർദ്ദിഷ്ട പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വിവിധ മോഡൽ റസിഡൻഷ്യൽ/ ആശ്രമസ്കൂളുകളിലും/ഏകലവ്യാമോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും 8 മുതൽ +2 വരെയുള്ള കുട്ടികളിൽ നിന്ന് തെരഞ്ഞെടുക്കുന്ന 130 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആരോഗ്യ പരിപാലനം, പരിസരശുചിത്വം, വ്യക്തി ശുചിത്വം, രോഗങ്ങളെക്കുറിച്ചുള്ള അവബോധം, മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ചും രോഗങ്ങളെക്കുറിച്ചുമുള്ള ബോധവല്ക്കരണം എന്നിവയാണ് ലക്ഷ്യമിടുന്നത്. റോഡ് സുരക്ഷ, പ്രഥമശുശ്രൂഷ, മാനസികാരോഗ്യം എന്നിവയെക്കുറിച്ചും ഇവർക്ക് പരിശീലനം നൽകുന്നതാണ്. തെരഞ്ഞെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു വിദഗ്ധരായ ഡോക്ടർമാരും ആരോഗ്യ സാമൂഹ്യ പ്രവർത്തകരും പ്രത്യേകം തയ്യാറാക്കിയ പഠനക്കുറിപ്പുകളുടേയും ആഡിയോവിഷ്വൽ |

| | | | |
|---|---|---|---|
| | | | മാദ്ധ്യമങ്ങളുടേയും സഹായത്തോടെ വിശദമായ റസിഡൻഷ്യൽ കോച്ചിംഗ് നൽകി സഹപാഠികൾക്കു ആഡിയോവിഷ്വൽ മാദ്ധ്യമം ഉപയോഗിച്ചു ക്ളാസ്സെടുക്കുന്നതിനും പട്ടികവർഗ്ഗ കോളനികളിൽ ക്ളാസ്സെടുക്കുന്നതിനും അവരെ പ്രാപ്തരാക്കുന്നതാണ്. |
| (സി) | പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. 16/3/2013-ലെ സ.ഉ (സാധാ) 353/13/പജപവവിവ നമ്പർ ഉത്തരവ് പ്രകാരമാണ് അംഗീകാരം നൽകിയിരിക്കുന്നത്. |
| (ഡി) | എന്നുമുതലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ഡി) | 2013-14 വർഷം മദ്ധ്യവേനലവധിക്കാലത്ത് പരിശീലനം നല്കി അടുത്ത അദ്ധ്യയനവർഷം മുതൽ വിപുലമായി നടപ്പാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ? | (ഇ) | ആലപ്പുഴ മെഡിക്കൽ കോളേജിലെ അഡീഷണൽ പ്രൊഫസർ ഡോ.പത്മകുമാറിന്റെ നേതൃത്വത്തിൽ വിദഗ്ദ്ധ ഡോക്ടർമാരും ആരോഗ്യ സാമൂഹ്യ പ്രവർത്തകരും, പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ